പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3639 17.12.2015-ന് മറുപടി നൽകേണ്ടത്

## സംസ്ഥാന വിവരാവകാശകമ്മീഷണർമാരുടെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വിവരാവകാശ കമ്മീഷണർ മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ : | (എ) | സംസ്ഥാന വിവരാവകാശ കമ്മീഷണർമാരുടെ 4 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ബി) | ആവശ്യത്തിന് ജീവനക്കാരും കമ്മീഷണർമാരും ഇല്ലാത്തതിനാൽ പ്രസ്തുത വകുപ്പിൽ പരാതികൾ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (ബി) യും (സി) യും | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ലഭിച്ച അപ്പീൽ/കംപ്ലയ്ന്റ് ഹർജികളിൽ ആകെ 8428 എണ്ണം നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട എത്ര ഹർജികളാണ് തീർപ്പു കൽപ്പിക്കാനുള്ളതെന്ന് വിശദീകരിക്കാമോ : | | |
| (ഡി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ഡി) | നിലവിലുള്ള നാല് ഒഴിവുകൾ നികത്തുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ പ്രമുഖ പത്രമാധ്യമങ്ങളിലും പത്രക്കുറിപ്പായി പ്രസ്തുത വിവരം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ വെബ്സൈറ്റായ www.kerala.gov.in-ലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15.12.2015 ആയിരുന്നു. ഈ അപേക്ഷകൾ പരിശോധിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. ഒഴിവുകൾ നികത്തുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടും. |

സെക്ഷൻ ഓഫീസർ